# DIGITAL MAGAZINE

## ST ANNE'S KOTTAPURAM

# സ്ഫടികം



# എഡിറ്റോറിയൽ

പ്രിയരേ,

നൂതന സാങ്കേതികത വിജ്ഞാനത്തിന്റെ വിസ്മയ വിഹായസ്സിലേയ്ക്ക് ചിറകു നൽകി കൊണ്ട് ബാല്യ കൗതുകങ്ങൾക്ക് ഉത്തരം നൽകുകയാണ്. കൗമാര പ്രതിഭകൾ വിരൽത്തുമ്പിൽ വിസ്മയം സൃഷ്ടിച്ച് വർണ്ണച്ചിറകുകൾ വിടർത്തി പറക്കുന്നത് ഒരേ സമയം അത്ഭുതത്തോടെയും അഭിമാനത്തോടെയും നോക്കി കാണുകയാണ് പഴയ തലമുറ. തങ്ങളുടെ ഭാവനകളെ അക്ഷരങ്ങളാക്കി വർണ്ണങ്ങൾ ചാലിച്ച് വിവിധ തരത്തിൽ ആവിഷ്കരിച്ചിരുന്ന പഴയ തലമുറയ്ക്ക് മുന്നിൽ ആധുനിക സാങ്കേതിക വിദ്യയെ വരുതിയിലാക്കിയ പുത്തൻ തലമുറ ആ ആവിഷ്കാരങ്ങൾക്കൊക്കെ ഡിജിറ്റൽ രൂപം നൽകുകയാണ്.

സെന്റ് ആൻസ് ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ് പ്രതിഭകൾ തങ്ങളുടെ ഭാവനകൾക്ക് നിറവും വെളിച്ചവും നൽകി പല രൂപങ്ങളായ് ഒരു വേനൽ തുമ്പിയായ് നിങ്ങൾക്ക് മുന്നിലേയക്ക് പറന്നു വരുമ്പോൾ , ഇതിന്റെ ചിറകുകൾക്ക് വർണ്ണങ്ങൾ ചാലിച്ച കരങ്ങളേയും ആ കരങ്ങളെ കോർത്തിണക്കിയ സാരഥ്യത്തേയും അഭിനന്ദിക്കാം; ആസ്വദിക്കാം.









# ഒരു തിരുവനന്തപുരം യാത്രയുടെ ഓർമ്മകൾ

എന്റെ ആദ്യത്തെ
ട്രെയിൻ യാത്ര. അതെ,അതുകൊണ്ടുതന്നെ ആ യാത്രയുടെ അനുഭൂതി അനുഭവിച്ചറിയാനുള്ള ത്രില്ലിലായിരുന്നു.ഞാനും അനിയനും. ഒരു മണിക്കാണ് ട്രെയിൻ പന്ത്രണ്ടു മണിക്ക് വീട്ടിൽ നിന്ന് ഇറങ്ങി. ഇനി ഒരു മണിക്കൂർ എങ്കിലും ബസ് യാത്ര ചെയ്താലേ ആലുവയിൽ എത്തു എന്ന് അമ്മ പറഞ്ഞു. ഒരു നീണ്ട ബസ് യാത്ര, എനിക്കു സന്തോഷമായി എന്തുകൊണ്ടോ എനിക്കു ബസ്സിൽ യാത്ര ചെയ്യാൻ വലിയ ഇഷ്ടമാണ്.പക്ഷെ സമയം വൈകിയതു കൊണ്ട് ബസ്സിൽ യാത്ര ചെയ്യാം എന്ന് ആ മോഹം പോയി. പിന്നെ ഒന്നും നോക്കാതെ ഒരു ഓട്ടോറിക്ഷ പിടിച്ച് ഒരേയൊരു പാച്ചിലായിരുന്നു. എങ്ങിനെയോ കൃത്യ സമയത്ത് റെയിൽവേ സ്റ്റേഷനിൽ എത്തി.പക്ഷെ ട്രെയിൻ വന്നിട്ടില്ല. ട്രെയിൻ വന്നോ പോയോ എന്നറിയാതെ ആധി പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്ന അമ്മയും പപ്പയും. ഇതിനെക്കുറിച്ച് ഒന്നും അറിയാതെ ഒരു കൂസലുമില്ലാതെ നിൽക്കുന്ന ഞാനും അനിയനും. ഒടുവിൽ ട്രെയിൻ ഒന്നരയ്ക്ക് എത്തിച്ചേരുമെന്ന് അറിയിപ്പ് കിട്ടിയപ്പോഴാണ് ശ്വാസം നേരെ വീണത്. റെയിൽവേ സ്റ്റേഷനിൽ വരുന്നതും ട്രെയിൻ അടുത്തു കാണുന്നതും ആദ്യാനുഭവം അല്ല.ആന്റിയെ യാത്ര അയക്കുവാൻ ഇതിനുമുമ്പ് വന്നിട്ടുണ്ട്. എന്നാൽ ഇന്ന് ട്രെയിൻ യാത്ര അനുഭവിച്ചറിയാൻ പോകുന്നു എന്നത് ഒത്തിരി ആഹ്ലാദവും അതോടൊപ്പം ചെറിയൊരു പേടിയും നൽകുന്നതായിരുന്നു. കയറുന്നതിനുമുമ്പ് ട്രെയിൻ വിട്ടു പോകുമോ എന്നതായിരുന്നു പേടി.ട്രെയിൻ വരുന്നതു വരെ അമ്മയ്ക്ക് സ്വര്യം കൊടുക്കാതെ ഓരോ സംശയങ്ങൾ തീർത്തു കൊണ്ടിരിക്കുകയായിരുന്നു ഞാൻ. ഒടുവിൽ ട്രെയിൻ എത്തി. അതിൽ കയറുമ്പോഴും ഹൃദയം നിർത്താതെ മിടിച്ചു കൊണ്ടിരിക്കുകയായിരുന്നു. മനസ്സിൽ വല്ലാത്ത സന്തോഷം. പുഞ്ചിരിച്ചുകൊണ്ട് ട്രെയിനിന്റെ ജനലുകൾ ക്കിടയിലൂടെ കണ്ണു ചിമ്മാതെ ഞാൻ പുറത്തേക്ക് നോക്കിയിരുന്നു.മലകളും കുന്നുകളും പാടങ്ങളും താണ്ടി ട്രെയിൻ ശാന്തമായി,എന്നാൽ വലിയ ശബ്ദത്തോടെ ഓടിക്കൊണ്ടിരുന്നു.കണ്ടിട്ടില്ലാത്തതും കണ്ടതുമായ കുറെ കാഴ്ചകൾ.റബർ തോട്ടങ്ങൾ, വാഴത്തോട്ടങ്ങൾ,അതിനിടയിൽ കൊച്ചു കൊച്ചു വീടുകൾ. പ്രകൃതി ഇത്രയേറെ മനോഹരി ആണെന്ന് ഞാൻ അനുഭവിച്ചറിഞ്ഞ നിമിഷങ്ങളായിരുന്നു അത്. ഒടുവിൽ അസ്തമയ സൂര്യന്റെ കിരണങ്ങൾ ചുംബിച്ച പ്പോഴാണ് ഞാൻ ആ കാഴ്ച്ചകളിൽ നിന്ന് മുഖം തിരിച്ചത്. അങ്ങനെ നീണ്ട ഒരു യാത്രയ്ക്കുശേഷം ട്രെയിൻ തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ എത്തി. അപ്പോഴേക്കും രാത്രിയായി. രാവിലെ കഴിച്ച ഭക്ഷണം ദഹിച്ചു കഴിഞ്ഞിരുന്നു. കാലിയായി കിടക്കുന്ന വയർ എന്നെ ചീത്ത വിളിക്കുന്നു. പപ്പയും അനിയനും പിറ്റേദിവ സം കന്യാകുമാരിക്ക് പോകേണ്ട ട്രെയിൻ ടിക്കറ്റ് ബുക്ക് ചെയ്യാൻ പോയി. ഞാനും അമ്മയും അവരെ കാത്തു നിൽക്കുന്ന സമയത്താണ് കണ്ണ് നിറക്കുന്ന ആ കാഴ്ച കണ്ടത്. കാലും കൈയും ഇല്ലാത്ത ഒരു അപ്പാപ്പൻ ചെറിയ പലകയിൽ ചരിവ് കയറാൻ ശ്രമിക്കുന്നു. മനസ്സു വിങ്ങുന്നത് പോലെ തോന്നി.അപ്പൂപ്പനെ പിടിച്ചു കയറ്റാം എന്ന് ചിന്തിച്ച് ഞാനും അമ്മയും കൂടി പതുക്കെ നടന്നടുത്ത പ്പോഴേക്കും അദ്ദേഹം സ്വയം ചരിവു കയറി. അങ്ങനെ ഞങ്ങൾ താമസിക്കാനുള്ള റൂമിലെത്തി. ഫ്രഷായി നല്ല വിശപ്പുണ്ടായിരുന്നു അതുകൊണ്ട് വേഗം ഭക്ഷണം കഴിച്ചു കിടന്നു. പിറ്റേ ദിവസം ഞങ്ങൾ ഹോസ്പിറ്റൽ സന്ദർശിക്കാൻ പോയി.ആർ. സി.സി,മെഡിക്കൽ കോളേജ്,ശ്രീചിത്ര എന്നിങ്ങനെ മൂന്ന് ഹോസ്പിറ്റലുകൾ അടുത്തടുത്തായി സ്ഥിതി ചെയ്യുന്നു. അവിടുത്തെ കാഴ്ചകൾ എന്റെ കണ്ണു നിറയ്ക്കുന്നത് ആയിരുന്നു. വായിലും മൂക്കിലും ശരീരത്തിലെ എല്ലാ ഭാഗങ്ങളിലും കാൻസർ ബാധിച്ച് കീമോതെറാപ്പിക്ക് ശേഷം കരഞ്ഞു തളർന്നുറങ്ങുന്ന കുഞ്ഞുങ്ങൾ, റേഡിയേഷൻ കഴിഞ്ഞ നടക്കാൻ പറ്റാത്ത അപ്പാപ്പൻമാർ, ഹൃദ്രോഗികളും കിഡ്നി രോഗികളും. അങ്ങനെ ഒത്തിരി ഒത്തിരി കാഴ്ചകൾ. ഇതൊക്കെ കാണുമ്പോൾ നമ്മുടെ ജീവിതം സ്വർഗ്ഗത്തിലെ മാണ് എന്ന് തോന്നും. കുറവുകൾ ഇല്ലാതിരുന്നിട്ടും ജീവിതത്തെ ശപിക്കുന്നതിനുപകരം ദൈവത്തിന് നന്ദി പറയുകയാണ് വേണ്ടത്. ഒരു നിമിഷം അവർക്ക് വേണ്ടി പ്രാർത്ഥിച്ചു കൊണ്ട് അവിടെ നിന്നും മടങ്ങി. പിന്നെ.ഞങ്ങൾ പോയത് വെട്ടുകടവ് പള്ളിയിലേക്ക് ആണ്. അവിടെ കയറി കുറച്ചുസമയം മനസ്സുതുറന്ന് പ്രാർത്ഥിച്ചു. ധാരാളം ആളുകൾ പ്രാർത്ഥിക്കുന്നതിനായി അവിടെ എത്തുന്നുണ്ട്. അതുകഴിഞ്ഞ് ഞങ്ങൾ ശംഖുമുഖം ബീച്ചിലേക്ക് പോയി. അതിന്റെ തീരത്ത് കൂടെ നടന്നു വലിയ ഓളങ്ങളിൽ നിന്നും വരുന്ന കടൽവെള്ളം. ആകാശത്തിലെ മേഘങ്ങൾ എന്നെ നോക്കി പുഞ്ചിരിച്ചു. സൂര്യപ്രകാശം കടലിലേക്ക് അടിക്കുമ്പോൾ എന്തോ രത്നം പോലെ കടൽ മിന്നിതിളങ്ങുന്നത് കാണാൻ എന്തൊരു ഭംഗിയാ. പോകുന്ന വഴി പൂഴിമണ്ണിൽ തിരകൾ സമ്മാനിച്ച കടലിന്റെ നിധിയായ കുറച്ചു ചിപ്പികൾ ഞാൻ

ശേഖരിച്ചു. കുറച്ചു കൂടെ മുന്നോട്ടു പോയപ്പോഴാണ് കണ്ണുകളെ വിസ്മയിപ്പിക്കുന്ന ഒരു കാഴ്ച ഞാൻ കണ്ടത്. കടലിന്റെ മക്കളായ മത്സ്യത്തൊഴിലാളികൾ സന്തോഷത്തോടെ,ഒത്തൊരുമയോടെ മീൻപിടിക്കാൻ പോകുന്ന കാഴ്ച. ഒരു നേരത്തെ ആഹാരത്തിന് വേണ്ടി കുടുംബത്തിന്റെ സന്തോഷത്തിനു വേണ്ടി സ്വന്തം ജീവൻ പണയപ്പെടുത്തി ആ വലിയ തിരമാലകളുടെ മുകളിലൂടെ മീൻപിടിക്കാൻ പോകുന്ന ആ തൊഴിലാളികളെ കണ്ടപ്പോൾ നാം വാങ്ങിക്കഴിക്കുന്ന മത്സ്യം അവരുടെ ജീവൻ വിലയുള്ളതാണ് എനിക്ക് തോന്നി. പ്രളയവും മഴക്കെടുതിയും തകർത്ത് നാമാവശേഷമായതും ഇടിഞ്ഞുപൊളിഞ്ഞ തുമായ കുറേ വീടുകൾ കണ്ടപ്പോൾ വലിയ സങ്കടം തോന്നി. തങ്ങൾക്ക് താങ്ങും തണലുമായി കഷ്ടപ്പെട്ട് പണിതുയർത്തിയ അവരുടെ ഒരേയൊരു വാസസ്ഥലം. അവിടത്തെ കുടുംബങ്ങൾ കണ്ടപ്പോൾ ഒരു നിമിഷം ഞാൻ ചിന്തിച്ചു. ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഇന്നത്തെ കാലത്ത് ഇവരെപ്പോലെ ഒത്തൊരുമയോടെ ഇരുന്ന് കഥകൾ പറയുകയും കളികളിൽ ഏർപ്പെടുകയും ചെയ്യുന്ന മനുഷ്യർ ഉണ്ടോ എന്ന്. എത്ര സ്നേഹവും സാഹോദര്യവുമാണ് അവർക്കിടയിൽ. കണ്ടപ്പോൾ ആശ്ചര്യം തോന്നി. അവിടെ നിന്ന് ഞങ്ങൾ കടലിനെ സംരക്ഷിക്കുന്ന, കടലിന്റെ രാജ്ഞിയായ ജലകന്യകയുടെ അടുത്തെത്തി. അവിടെ നിന്ന് കുറച്ചു നീങ്ങിയപ്പോൾ ജീവിതത്തിലാദ്യമായി ഒരു ഹെലികോപ്റ്റർ തൊട്ടടുത്തുനിന്ന് കണ്ടു. അങ്ങനെ അവിടത്തെ സുന്ദരമായ കാഴ്ചകൾ കണ്ട് ഞങ്ങൾ ബസ് സ്റ്റേഷനിൽ എത്തി. പെട്ടെന്ന് പ്രകൃതിയെ ആകെ രോമാഞ്ചം അണിയിച്ചു കൊണ്ട് ഒരു മഴ. അര മണിക്കൂർ നീണ്ടു നിന്ന മഴയിൽ തലസ്ഥാനനഗരി ഒരു പ്രളയകടൽ പോലെ തോന്നിച്ചു. അവിടെ നിന്നും തിരിച്ചു റൂമിൽ എത്തി. ഫ്രഷായി ഭക്ഷണം കഴിച്ചു കിടന്നു.

പിറ്റേ ദിവസം രാവിലെ 9 30ന് ട്രെയിന് ഞങ്ങൾ കന്യാകുമാരിയിലേക്ക് യാത്രതിരിച്ചു. ദൈവത്തിന്റെ സ്വന്തം നാടിന്റെ സൗന്ദര്യം വീണ്ടും ആസ്വദിച്ചു തുടങ്ങി. എന്നാൽ സൂര്യതാപമേറ്റ് കരിഞ്ഞുണങ്ങിയ ഹരിതാഭയും വാടിത്തളർന്ന തൊഴിലാളികളെയും ആണ് തമിഴ്നാട്ടിലേക്ക് കടന്നപ്പോൾ കാണാൻ സാധിച്ചത്. ഉച്ചയോടെ ഞങ്ങൾ കന്യാകുമാരിയിലെത്തി.സൂര്യൻ തലയ്ക്കു മുകളിൽ നിന്ന് തീ കോരി ഇടുന്നത് പോലെ തോന്നി. അത്രയ്ക്ക് ചൂട്. ദൂരെയായി വിവേകാനന്ദപ്പാറ കാണാം. നിരനിരയായി നിൽക്കുന്ന ആളുകൾ. അവരെയും നിറച്ച് അലയടിക്കുന്ന തിരമാലകൾക്ക് മീതെ വിവേകാനന്ദ പാറയിലേക്ക് നീങ്ങുന്ന ബോട്ടുകൾ. ഞങ്ങൾ കണ്ണിമയ്ക്കാതെ നോക്കി നിന്നു. ഞാനും അനിയനും പപ്പയും കുറച്ചുനേരം തിരമാല കളോടൊപ്പം കളിച്ചു. വെയിലിന്റെ ആധിക്യം ഞങ്ങളുടെ ആസ്വാദനത്തെ നന്നായി ബാധിച്ചു. അതിനുശേഷം ഞങ്ങൾ റോഡിലൂടെ പതുക്കെ നടന്നു. വിശക്കുന്ന വയറിന്റെ ആശ്വാസത്തിനായി പൊരിവെയിലിൽ സാധനങ്ങൾ വിൽക്കാൻ ഇരിക്കുന്ന അച്ഛനമ്മമാർ, അവരെ തങ്ങളാലാവും വിധം സഹായിക്കുന്ന കുരുന്നുകൾ. ഈ കാഴ്ചകൾ ഒരിത്തിരി വെയിലിൽ വാടി തളരുന്ന നമുക്കൊരു പാഠമാണ് എന്ന് എനിക്ക് തോന്നി. വീണ്ടും കുറെ നടന്നപ്പോൾ ടാറ്റൂവിന്റെ വലിയൊരു ലോകം. റോഡിന് ഇരുവശത്തും ടാറ്റൂ പാർലറുകൾ. യാത്രികരെ അവിടേയ്ക്ക് ആകർഷിക്കുന്നതിനായി വിളിച്ചുകൂവുന്ന ജോലിക്കാർ. കുറച്ചു കൂടി നടന്നു ഞങ്ങൾ ബസ് സ്റ്റേഷനിൽ എത്തി . അവിടെനിന്ന് വീണ്ടും തിരുവനന്തപുരത്തെ റൂമിലേക്ക്. ക്ഷീണിതരായ തുകൊണ്ട് എല്ലാവരും പെട്ടെന്ന് ഉറങ്ങി. പിറ്റേദിവസം രാവിലെ തന്നെ എണീറ്റ് അടുത്തുള്ള പള്ളിയിൽ പോയി.ഞങ്ങൾ എത്തിയപ്പോഴേക്കും കുർബാന തുടങ്ങിയിരുന്നു. എങ്കിലും ഞങ്ങൾ കുർബാനയിൽ പങ്കുകൊണ്ടു. തിരിച്ചിറങ്ങിയ ഞങ്ങൾ പള്ളിയും പരിസരവും ഒക്കെ കണ്ട്, ഫോട്ടോഷൂട്ട് ഒക്കെ നടത്തി അങ്ങനെ നിൽക്കുകയാണ്.അപ്പോഴാണ് അനിയൻ ഒരു കാര്യം പറഞ്ഞത്. കുറെ നേരമായി ക്ഷീണിച്ചു നിൽക്കുന്ന ഒരു അപ്പാപ്പൻ. ഭക്ഷണമൊന്നും കഴിച്ചിട്ടില്ല എന്ന് തോന്നുന്നു, നടക്കാൻ തന്നെ വളരെ ബുദ്ധിമുട്ടുണ്ട്. ഞങ്ങൾ അപ്പാപ്പന്റെ അടുത്തെത്തി കുറച്ചു കുശലം പറഞ്ഞ് കയ്യിലുണ്ടായിരുന്ന പഴംപൊരിയുടെ പൊതി അപ്പാപ്പനു നൽകി. നിറഞ്ഞ സന്തോഷത്തോടെ അപ്പാപ്പൻ അത് കഴിക്കുന്നത് കണ്ടപ്പോൾ തിരുവനന്തപുരം യാത്രയിൽ ഞങ്ങൾക്ക് ലഭിച്ച ഏറ്റവും ആനന്ദകരമായ നിമിഷം ആയി മാറി അത്. തിരിച്ചു റൂമിൽ എത്തി കുറച്ചു സമയം വിശ്രമിച്ചതിനു ശേഷം ഞങ്ങൾ തിരിച്ചു പോരാൻ ഉള്ള ഒരുക്കങ്ങൾ തുടങ്ങി. അവിടെ നിന്നും ബസ്സിൽ കയറിയപ്പോൾ എന്തോ നഷ്ടപ്പെട്ടതുപോലെ ഒരു തോന്നൽ. എന്തായാലും രാത്രി 10 മണിയോടെ വീട്ടിൽ എത്തിച്ചേർന്നു.........യാത്ര,അതെ,അത് ഒരുപാട് അനുഭവങ്ങൾ നമുക്ക് തരുന്നു. ഇന്ന് ഇന്റർനെറ്റിന്റെ പിടിയിൽ അകപ്പെട്ടിരിക്കുന്ന നമുക്ക് നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന പ്രകൃതി സൗന്ദര്യത്തിന്റെ ആസ്വാദനം, ഫാനിന്റെ കീഴിലും എ. സി യിലും നാം ദിനങ്ങൾ നീക്കുമ്പോൾ പൊരിവെയിലിൽ ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി കഷ്ടപ്പെടുന്ന മനുഷ്യരുടെ ജീവിത പാഠങ്ങൾ, എല്ലാവിധ സൗകര്യങ്ങളുടെയും ഉള്ളിൽ നിന്നുകൊണ്ട് പഠനത്തെ ഒരു ഭാരമായി നാം കാണുമ്പോൾ വലിയ ഭാരം ചുമന്ന് പഠനത്തിനായി പണം കണ്ടെത്തുന്ന പാവപ്പെട്ട വിദ്യാർത്ഥിയുടെ കണ്ണീർപ്പാടുണങ്ങിയ മുഖത്തെ തിളക്കം. അങ്ങനെ ഒരുപാട് ഒരുപാട് കാഴ്ചകൾ. ഇനിയും ജീവിതപാഠങ്ങൾ ഉള്ള യാത്രകൾ ഉണ്ടാകും എന്ന് പ്രതീക്ഷിച്ചുകൊണ്ട് മുന്നോട്ട്....

**Kesiya Boss**

# മലമ്പുഴ

കേരളത്തിലെ പാലക്കാട് ജില്ലയിലെ ഒരു സുന്ദരമായ ഗ്രാമം. പാലക്കാട് ടൗണിനു വളരെ അടുത്താണ് ഈ ഗ്രാമം. പ്രകൃതി ഭംഗി നിറഞ്ഞു ഒഴുകുന്ന സ്ഥലം. മലമ്പുഴ ഡാമും ഗാർഡനും പാലക്കാട് ടൗണിൽ നിന്ന് 8 കിലോമീറ്റർ ദൂരം. 1955-ൽ ആയിരുന്നു ഡാമിന്റെ നിർമ്മാണം. കേരളത്തിലെ ഏറ്റവും വലിയ റിസർവോയർ 355 അടി ഉയരം ഭാരതപ്പുഴയുടെ ഒരു പോഷകനദിയായ മലമ്പുഴ നദിക്ക് കുറുകെ നിർമ്മിച്ച ഡാം. റിസർവോയറിനു ചുറ്റുമുള്ള അമ്യൂസ്മെന്റ് പാർക്ക് ഗാർഡനും വളരെ മനോഹരം. നിരവധി ഗാർഡനുകൾ ചേർന്നതാണ് മലമ്പുഴ ഗാർഡൻ. പ്രശസ്ത ശിൽപി കാനായി കുഞ്ഞിരാമന്റെ യക്ഷി പ്രതിമയാണ് ഇവിടത്തെ പ്രധാന ആകർഷണം. ഗാർഡനുമുകളിലൂടെയുള്ള റോപ് വേ സഞ്ചാരികൾക്ക് നൽകുന്നത് ത്രസിപ്പിക്കുന്ന അനുഭവം. അടുത്ത സ്ഥലമാണ് സ്നേക്ക് പാർക്ക്. കേരള വനം വകുപ്പിന്റെ കീഴിലാണ് ഈ പാർക്ക്. വിഷമുള്ളതും അല്ലാത്തതുമായ നിരവധി പാമ്പുകൾ ഉള്ള പാർക്കാണ് ഇത്. ഇണകളായ രണ്ട് രാജവെമ്പാലകൾ ആണ് ഇവിടത്തെ പ്രധാന ആകർഷണം. മലമ്പുഴ ഗാർഡനു വെളിയിൽ റോപ് വേ എൻട്രൻസിലേക്കുള്ള വഴിയിലാണ് ശുദ്ധജല അക്വേറിയം. ഭീമാകാരനായ ഒരു മത്സ്യത്തിന് ആകൃതിയിലാണ് ഈ അക്വേറിയം. ഈ ഭീമൻ മത്സ്യത്തിന് തുറന്നിരിക്കുന്ന വായിലൂടെ ആണ് കാണികൾക്ക് പ്രവേശനം.

അമൃത. ടി. എ

# ”കൊച്ചു കേരളം ”

ദൈവത്തിന്റെസ്വന്തം നാട്
സ്നേഹബന്ധത്താൽ ദൃഢം
പ്രകൃതി മനോഹാരിത മയിൽ -
പീലി വിരിച്ച പോലെ വിടർന്നു നിൽക്കുന്നു
നമ്മുടെ നാട് സ്വന്തം നാട് കേരളം.
കായലും, മലകളും, അരുവികളും
ശോഭിപ്പിക്കും എന്റെ നാട്
കുഞ്ഞു വാവകളുടെ ചിരി പോലെ
ആർത്തുല്ലസിച്ചു കടലും
നമ്മുടെ നാട് സ്വന്തം നാട് കേരളം.
പച്ചപരവതാനി വിരിച്ച് പ്രകൃതി,
നീലപരവതാനി വിരിച്ച് ആകാശവും
നദികളാൽ, സ്നേഹത്താൽ
സമ്പന്നമായി നമ്മുടെ കേരളം.
നമ്മുടെ നാട് സ്വന്തം നാട് കേരളം
ഏറെ അഭിമാനം എന്റെ കൊച്ചു കേരളം
നമ്മുടെ നാട് സ്വന്തം നാട് കേരളം.

**ആര്യനന്ദ എൻ. പി**

# യാത്രാവിവരണം

മുസരീസ് പൈതൃക പദ്ധതിയുടെ സ്റ്റുഡൻസ് ഹെറിറ്റേജ് വാക്ക് എന്ന പ്രോഗ്രാമിന്റെ ഭാഗമായി എൻറെ സ്കൂളിൽ നിന്നും കുറച്ചു വിദ്യാർഥികൾക്കും എനിക്കും അദ്ധ്യാപകർക്കും പങ്കെടുക്കുവാൻ അവസരം ലഭിച്ചു.2023 ഫെബ്രുവരി മാസം പതിനാലാം തീയതി ഞങ്ങൾ എല്ലാവരും രാവിലെ തന്നെ കോട്ടപ്പുറം വാട്ടർ ഫ്രണ്ടിൽ ചെല്ലുകയും അവിടെ നിന്ന് ബോട്ട് വഴി പാലിയം കൊട്ടാരം സന്ദർശിക്കുകയും ചെയ്തു. ഞങ്ങളുടെ കൂടെ മൂന്ന് ഗൈഡുകളും ഉണ്ടായിരുന്നു. പൈതൃകങ്ങൾ സന്ദർശിക്കുന്നതിനും കൂടുതൽ അറിവ് ഞങ്ങൾക്ക് പറഞ്ഞു തരാനും വേണ്ടിയായിരുന്നു ഗൈഡുകളുടെ സേവനം. പത്തുമിനിറ്റ് ബോട്ട് യാത്രയ്ക്ക് ശേഷം ഞങ്ങൾ പാലിയം കൊട്ടാരം ആണ് ആദ്യമായി സന്ദർശിച്ചത്. കൊച്ചി രാജ്യത്തിൻറെ പ്രധാനമന്ത്രിയായിരുന്ന പാലിയത്തച്ചൻ നൽകിയ സഹായത്തിന് പ്രത്യുപകാരമായി ഡച്ചുകാർ പണികഴിപ്പിച്ച നൽകിയതാണ് പാലിയം കൊട്ടാരം. ഇൻഡോ-ഡച്ച് വാസ്തുശിൽപവിദ്യയിൽ നിർമ്മിച്ചതായിരുന്നു ആ കൊട്ടാരം. ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഗൈഡ് അവിടെയെല്ലാം ഞങ്ങളെ ചുറ്റി കാണിച്ചു. മനോഹരമായ മര ഗോവണികളും, കൊത്തുപണികളും,വിശ്രമ മുറികളും,വീതിയുള്ള ചുവരുകളും,വിശാലമായ ദർബാർ ഹാളും എല്ലാം ആയിരുന്നു ഈ കൊട്ടാരത്തിന്റെ പ്രത്യേകതകൾ. ഗൈഡ് ഞങ്ങളെ ഒരു മുറിയിലേക്ക് വിളിച്ചുകൊണ്ടുപോയി. അവിടെ കൊച്ചിരാജ്യത്തെ പ്രധാനമന്ത്രിപദം വഹിച്ചിരുന്ന പാലിയത്തച്ചന്മാരുടെ എണ്ണച്ചായ ചിത്രങ്ങൾ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. കൊട്ടാരത്തിലെ ജനലുകളും തൂണുകളും കോണിപ്പടികളും ഡച്ച് ശൈലിയിലായിരുന്നു നിർമ്മിച്ചിരുന്നത്.
ചരിഞ്ഞകോണിപ്പടിയുടെ മുകളിലൂടെ ഞങ്ങൾ ക്ഷേത്ര ഗാലറിയിലേക്ക് നടന്നു. പാലിയം കുടുംബത്തിൻറെ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ഉപയോഗിക്കുന്ന ഉപകരണങ്ങൾ പ്രദർശിപ്പിക്കുന്ന ഇടമാണ് ക്ഷേത്ര ഗാലറി. ക്ഷേത്ര ഗാലറിയിൽ ചിലമ്പ്,കിണ്ടി,ആലവട്ടം,വെഞ്ചാമരം,പൂപ്പാലിക,കൊടിവിളക്ക്,മണി,ജൂഹ്ഡ എന്നിവയെല്ലാം കണ്ടു. ഇതെല്ലാം കണ്ടപ്പോൾ ഞങ്ങൾക്ക് ആശ്ചര്യവും സന്തോഷവും ഉണ്ടായി. പാലിയം കോവിലകത്തെ കുട്ടികളുടെ ക്ഷേത്രത്തിലെ കളിഉത്സവത്തിന് എഴുന്നള്ളിക്കുന്ന തടിയിൽ നിർമ്മിച്ച ആനയാണ് നീലകണ്ഠൻ. ആ ആനയെ അലങ്കരിക്കാൻ ഉപയോഗിക്കുന്ന നിരവധി വസ്തുക്കൾ ക്ഷേത്ര ഗാലറിയിൽ ഉണ്ടായിരുന്നു. ആലവട്ടം,മുത്തുക്കട,തിടമ്പ്,നെറ്റിപട്ടം,മണി എന്നിങ്ങനെ. ക്ഷേത്ര ഗാലറിയുടെ നടു ഭാഗത്തായി കുടുംബത്തിലെ ക്ഷേത്രത്തിൽ ഉപയോഗിച്ചിരുന്ന പരമ്പരാഗത വാദ്യോപകരണമായ മിഴാവ് ഞങ്ങൾ കണ്ടു. പാലിയത്തച്ഛന്റെ കിടപ്പറയിലെ ചുമരിൽ ഒരു അറ ഗൈഡ് ഞങ്ങളെ കാണിച്ചുതന്നു. ശിക്ഷാ മുറി എന്നാണ് പറയുന്നത്. ശിക്ഷിക്കേണ്ട ആളെ വായുവും വെളിച്ചവും കയറാത്ത മുറിയിലേക്ക് കയറ്റി അതിനുശേഷം വാതിൽ പുറത്തുനിന്ന് അടയ്ക്കും,ഇതായിരുന്നു ശിക്ഷാരീതി. പാലിയത്തച്ഛൻറെ മുറിയിൽ 67 ഔഷധസസ്യങ്ങൾ കൊണ്ട് നിർമ്മിച്ച സപ്രമഞ്ചകട്ടിലിനെ കുറിച്ചു ഞങ്ങളുടെ ഗൈഡ് വിശദമാക്കി തന്നു.
കുടുംബത്തിലെ സ്ത്രീകൾക്കായി നിർമ്മിതമായ ഭവനമാണ് പാലിയം നാലുകെട്ട്. ഗൈഡ് ഞങ്ങളെ അങ്ങോട്ടാണ് പിന്നീട് കൊണ്ടുപോയത്,കേരള വാസ്തുശിൽപ ശൈലിയിൽ പണികഴിപ്പിച്ചതാണ് ഈ ഭവനം. പുറത്തുനിന്ന് കിഴക്കിനിയിലൂടെ ഞങ്ങൾ നാലു കെട്ടിലേക്ക് പ്രവേശിച്ചു, എന്നിട്ട് തെക്കിനിയിൽ ഉള്ള ചരിഞ്ഞ ഗോവണി കളിലൂടെ ഞങ്ങൾ രണ്ടാം നിലയിലേക്ക് കയറി. തീണ്ടാരിമുറി, പ്രസവമുറി, ആഭരണ അറ

എന്നിങ്ങനെ അന്നത്തെ ജീവിതരീതിയുമായി ബന്ധപ്പെട്ട പല മുറികളും ഉണ്ടായിരുന്നു. മറ്റു മുറികളിൽ നിന്നും വളരെ വ്യത്യസ്തമായിരുന്ന അവിടത്തെ പ്രധാനിയായ വലിയമ്മയുടെ മുറി. വിശാലവും പ്രകാശം കടക്കുന്നവിധം ജനലുകൾ ഉള്ള മുറിയായിരുന്നു വലിയമ്മയുടെത്. പിന്നീട് ഞങ്ങളെ അവിടുത്തെ അടുക്കളയിലേക്ക് കൊണ്ടുപോയി. പ്രാചീന കാലത്ത് ഉപയോഗിച്ചിരുന്ന പാത്രങ്ങളും അവയുടെ ഉപയോഗങ്ങളും ഞങ്ങൾക്ക് പറഞ്ഞു തന്നു. നാഴി,ത്തുക്കകട്ട എന്നിങ്ങനെ അക്കാലത്ത് ഉപയോഗിച്ചിരുന്ന അളവുപകരണങ്ങൾ ഞങ്ങൾ കണ്ടു. മറ്റൊരു വിശാലമായ മുറിയിൽ പലവിധത്തിലുള്ള വിളക്കുകൾ ഒരു മ്യൂസിയമായി പ്രദർശിപ്പിച്ചിരുന്നു.ത്തുക്കവിളക്ക്,ആട്ടവിളക്ക്,കുത്തുവിളക്ക്,കവരവിളക്ക്,മയിൽ വിളക്ക് എന്നിവ ഉണ്ടായിരുന്നു. ഇതെല്ലാമായിരുന്ന സ്റ്റുഡൻസ് ഹെറിറ്റേജ് വാക്കിൻറെ ഭാഗമായി പൈതൃകങ്ങൾ സന്ദർശിച്ചപ്പോൾ ഞങ്ങൾക്ക് കാണാൻ സാധിച്ചത്.

മുസരീസ് പൈതൃക പദ്ധതിയുടെ ഭാഗമായി ഒരു ഡോക്യുമെൻററിക്ക് വേണ്ടി എനിക്ക് വീണ്ടും ചില പൈതൃക സ്ഥലങ്ങൾ സന്ദർശിക്കാനുള്ള ഭാഗ്യം ലഭിച്ചു. കോട്ടപ്പുറം കോട്ട, ചേന്നമംഗലം ജൂതപ്പള്ളി, പറവൂർ ജൂതപ്പള്ളി എന്നീ സ്ഥലങ്ങൾ കാണാൻ സാധിച്ചു. കച്ചവടബന്ധം സ്ഥാപിക്കുന്നതിന് വേണ്ടി പെരിയാറിൻ തീരത്ത് പോർച്ചുഗീസുകാർ പണികഴിപ്പിച്ച കോട്ടയാണ് കോട്ടപ്പുറം കോട്ട. കോട്ടയുടെ മിക്കഭാഗങ്ങളും ഡച്ചുകാർ പൊളിച്ചു ചെറുതാക്കി ഇന്ന് കാണുന്ന രൂപത്തിലേക്ക് മാറ്റി. ഡച്ചുകാരുടെയും പോർച്ചുഗീസുകാരുടെയും വ്യത്യസ്തമായ ശില്പ വൈദഗ്ത്യം നമുക്ക് വേഗത്തിൽ തിരിച്ചറിയാൻ സാധിക്കും. കോട്ടയിലേക്ക് പ്രവേശിക്കുമ്പോൾ തന്നെ കൊച്ചിയേയും തിരുവിതാംകൂറിനെയും വേർതിരിക്കുന്ന ഒരു കൊതിക്കല്ല് കാണാൻ സാധിക്കും. അന്നത്തെ കോട്ടയുടെ ഏതാനും ഭാഗങ്ങൾ മാത്രമേ ഇപ്പോൾ നമുക്ക് കാണാൻ സാധിക്കുന്നുള്ളൂ എല്ലാം തകർന്നു പോയിരുന്നു.

അടുത്ത യാത്ര ചേന്നമംഗലം ജൂത പള്ളിയിലേക്ക് ആയിരുന്നു. യഹൂദന്മാർ പണിതതായി കരുതപ്പെടുന്നതും നിരവധിതവണ നവീകരിക്കപ്പെട്ട തുമായ ജൂതപ്പള്ളി ആണ് ചേന്നമംഗലം ജൂതപ്പള്ളി. കേരളത്തിലെ ജൂതന്മാർ ഇസ്രായേലിലേക്ക് മടങ്ങിയപ്പോൾ ഇവിടത്തെ ആരാധന അവസാനിപ്പിച്ചു. പള്ളിയിൽ തോറ വായിക്കാനും പ്രാർത്ഥിക്കാനും ആയി പുരോഹിതന്മാർ നിൽക്കുന്ന പീഠമാണ് തേവ. താമീദ്,ത്തുക്ക് വിളക്ക് എന്നിങ്ങനെ ജൂത പള്ളിയിൽ പരമ്പരാഗതമായി ഉപയോഗിക്കുന്ന വിളക്കുകൾ ഞങ്ങൾക്ക് കാണാൻ സാധിച്ചു. പിന്നീട് പറവൂർ ജൂതപള്ളിയിലേക്ക് യാത്രതിരിച്ചു. പുറത്തുനിന്ന് പ്രവേശിക്കുന്നത് പടിപ്പുരയിലേക്കാണ്,അതിനോട് ചേർന്നുള്ള നടപ്പാത പ്രധാന ആരാധനാ മുറിക്ക് മുമ്പിലുള്ള (അസറ) പുറത്തളത്തിലേക്ക് കടക്കുന്നു. പഠിപ്പുരയിലേക്ക് പ്രവേശിക്കും മുമ്പ് ചുവരിൽ സ്ഥാപിച്ചിരിക്കുന്ന ശിലാഫലകം ഞങ്ങൾ കണ്ടു. യഹൂദരുടെ ആരാധന കവിത എഴുതി ഇരിക്കുകയാണ് അതിൽ. പള്ളിയിലെ വാതിൽപ്പടിയിൽ മെസൂസ ഘടിപ്പിച്ചിരിക്കുന്നത് കണ്ടു. ജൂതവിശുദ്ധ ഗ്രന്ഥമായ തോറയിൽ നിന്നുള്ള ഒരു വാക്യം ആണ് ഇതിൽ ഹീബ്രുഭാഷയിൽ എഴുതിയിട്ടുള്ളത്,പ്രാർഥനാ മുറിയിൽ കയറും മുമ്പ് മെസൂസ തൊടുന്നത് ജൂതരുടെ വിശ്വാസം പ്രകടിപ്പിക്കുന്ന മതപരമായ കടമ ആണ്. രണ്ടാം തേവയും അതിനോടു ചേർന്നുള്ള ബാൽക്കണിയും അവിടെ ഉണ്ടായിരുന്നു. ബാൽക്കണിയിൽ നിന്നും വായിക്കുന്ന തോറ പാരായണം രണ്ടാം നിലയിൽ നിൽക്കുന്നവർക്ക് വ്യക്തമായി കേൾക്കാമായിരുന്നു.

പൈതൃക സ്ഥലങ്ങളുടെ സന്ദർശനം എനിക്ക് ഒരുപാട് സന്തോഷവും പ്രചോദനവും നൽകുന്നു.

തീർത്ഥ എം.എസ്.

# സ്വപ്നലോകത്തെ മായാകാഴ്ചകൾ

ഒരു കൊച്ചു ഗ്രാമത്തിൽ ഒരു കുട്ടി ഉണ്ടായിരുന്നു . അതുൽ എന്നായിരുന്നു അവന്റെ പേര് . അതുൽ കുസൃതിക്കാരനും അനുസരണ ഇല്ലാത്തവനും ആയിരുന്നു . അതുൽ എപ്പോഴും മായാലോകത്താണ് ജീവിച്ചിരുന്നത് . അമ്മ മരിച്ചു പോയതിനാൽ , അവന് അച്ഛൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ . അച്ഛനാണ് അവനെ വളർത്തിയത് . എങ്കിലും അമ്മയെ അവന് ഇഷ്ടമായിരുന്നു , അമ്മയുടെ വാത്സല്യം കിട്ടുന്നതിനാൽ അവൻ ഏറെ കൊതിച്ചിരുന്നു . ഒരു ദിവസം രാത്രി അതുൽ ഉറങ്ങുന്നതിനുമുൻപ് അവന് അവന്റെ അമ്മയുടെ ഓർമ്മകൾ വരുകയാണ് . അന്ന് അവൻ അവന്റെ അമ്മയെ സ്വപ്നം കണ്ടുകൊണ്ട് ഗാഢനിദ്ര യിലേക്ക് വഴുതിവീണു . അവൻ ആ സ്വപ്നത്തിൽ എല്ലാം വളരെ വ്യത്യസ്തവും മനോഹരവുമായാണ് കണ്ടത് . അവിടെ അതുലും അവന്റെ അമ്മയും മാത്രമാണ് ഉണ്ടായിരുന്നത് . അമ്മയുടെ അടുത്തേക്ക് ചെല്ലാൻ ആഗ്രഹിച്ചെങ്കിലും അവന് അതിന് കഴിഞ്ഞില്ല . കുറേ ശ്രമിച്ചെങ്കിലും അമ്മയുടെ അടുക്കൽ എത്താൻ അവനു സാധിച്ചില്ല . [ പെട്ടെന്ന് അവൻ ഞെട്ടി എഴുന്നേറ്റു ] പിറ്റേദിവസം അവൻ സ്കൂളിൽ വച്ച് അവന്റെ അമ്മയുടെ മുഖസാമ്യമുള്ള ഒരു സ്ത്രീയെ കണ്ടു . അവൻ ആ സ്ത്രീയുടെ അടുത്തേക്ക് ഓടിച്ചെന്നു . ആ സ്ത്രീ കൗതുകത്തോടെ അവനോട് ചോദിച്ചു : നിന്റെ പേര് എന്താണ് ... ഏത് ക്ലാസിലാണ് പഠിക്കുന്നത് ..? അതുൽ മറുപടി പറഞ്ഞു : എന്റെ പേര് അതുൽ , 4th std ൽ പഠിക്കുന്നു . നിങ്ങളാരാണ് .. ഞാൻ രേഷ്മ നിങ്ങളുടെ പുതിയ സയൻസ് അധ്യാപികയാണ് . എന്റെ അമ്മയുടെ മുഖസാമ്യം ടീച്ചറിനുണ്ടെന്നും , ടീച്ചറിനെ കണ്ടപ്പോൾ അമ്മയെ ഓർമ്മ വന്നു എന്നും അതുൽ ടീച്ചറിനോട് പറഞ്ഞു . അമ്മ ഇപ്പോൾ എവിടെയാണെന്ന് ടീച്ചറിന്റെ ചോദ്യത്തിന് നിരാശയോടെയും ദുഃഖത്തോടെയും , അമ്മ മരിച്ചുപോയി എന്ന് അവൻ പറഞ്ഞു . അപ്പോൾ ടീച്ചർ പറയുകയുണ്ടായി ; അമ്മ മരിച്ചിട്ടില്ല നിന്റെമനസ്സിൽ ഇന്നും അമ്മ ജീവിക്കുന്നുണ്ട് . ഇന്നും എന്നും നിന്റെ കൂടെയുണ്ട് ... നിനക്ക് കാണാൻ സാധിക്കുന്നില്ല എന്നേയുള്ളൂ എന്നാൽ അമ്മ നിന്നെ കാണുന്നുണ്ട് .. മുതിർന്നവർ പറയുന്നത് അനുസരിച്ച് അവരെ ബഹുമാനിച്ചും , മറ്റുള്ളവരെ സഹായിച്ചും എല്ലാവർക്കും പ്രിയപെട്ടവനായി , സത്യസന്ധതയോടെ നീ ജീവിക്കണം ... നല്ലകുട്ടിയായി ജീവിക്കുന്നത് നിന്റെ അമ്മയെ സന്തോഷിപ്പിക്കുന്നതിനു തുല്യമാണ് . ഇതെല്ലാം കേട്ടും വിശ്വസിച്ചും അവൻ അവന്റെ സ്വഭാവം പൂർണമായും മാറ്റുകയും , ഇനി മുതൽ നല്ലരീതിയിൽ ജീവിക്കുമെന്ന് ദൃഢനിശ്ചയം എടുക്കുകയാണ് . അത്രയധികം സ്നേഹമായിരുന്നു അതുലിനു അവന്റെ അമ്മയോട് , അവനവന്റെ സ്വപ്നത്തിന്റെ മായാലോകത്തിൽ ഇന്നും

**Sefniya K A**

# യാത്രഅനുഭവം

അവന്റെ അമ്മയെ സങ്കൽപ്പിച്ച് ജീവിക്കുകയാണ് വളരെ നാളായി ആഗ്രഹിക്കുന്ന മലമ്പുഴ യിലേക്ക് ഒന്ന് യാത്ര പോകാൻ. ഒരു ദിവസം ഞാനും എന്റെ കുടുംബവും മലമ്പുഴ യിലേക്ക് യാത്ര പോയി. ഞങ്ങളെല്ലാവരും തമാശകളും പറഞ്ഞ് യാത്ര നന്നായി വണ്ടിയിലിരുന്ന് ആസ്വദിച്ചു. ഞങ്ങൾ മലമ്പുഴയിലേക്ക് പോകുമ്പോൾ തൃശ്ശൂരിലെ പീച്ചി ഡാമിൽ കയറിയിട്ടാണ് മലമ്പുഴയിലേക്ക് യാത്ര തിരിച്ചത്. ഞങ്ങൾ മലമ്പുഴയിൽ എത്തി. പച്ചപ്പ് പുതച്ച പ്രകൃതി മനോഹര കാഴ്ച ഞങ്ങൾക്ക് ആസ്വദിക്കാൻ പറ്റി. ആരെയും ആകർഷിക്കുന്ന മനോഹരമായ പൂന്തോട്ടത്തിലൂടെ ഞാൻ നടന്നു. മലമ്പുഴയിൽ പോകുന്നു എന്നറിഞ്ഞപ്പോൾ എനിക്ക് റോപ്പ് വേയിൽ കയറണമെന്ന് ആഗ്രമുണ്ടായിരുന്നു. അവിടെ ചെന്നപ്പോൾ എന്റെ ആഗ്രഹം സാധിച്ചു. റോപ്പ് വേ യിലുള്ള എന്റെ സഞ്ചാരം എന്നെ വളരെ കൗതുകത്തിലാഴ്ത്തി. റോപ്പ് വേ യിലുള്ള യാത്ര മുകളിൽ നിന്ന് താഴേക്ക് നോക്കുമ്പോൾ ഉള്ള ഭംഗി വേറെതന്നെയാണ്. പിന്നെ ഞങ്ങൾ നടന്നു പോകുമ്പോൾ കേട്ടത് ഐസ്ക്രീം കടയിലെ മണിയടിയാണ്. ഞാൻ എനിക്ക് ഐസ്ക്രീം വാങ്ങി നടന്നു. ഇളംകാറ്റിൽ ഐസ്ക്രീം കഴിച്ച് തൂക്കുപാലത്തിലൂടെ ഞാൻ നടന്നു. പിന്നെ ഞങ്ങൾ കണ്ടത് കാനായി കുഞ്ഞിരാമന്റെ പ്രകൃതിയേറെ ആസ്വദിക്കുന്ന ജനങ്ങളുടെ മനസ്സ് എത്തിക്കുന്ന പ്രതിമയിലാണ്. അങ്ങനെ





**By Anamika p p**

# എന്റെ അമ്മക്ക് ( ലേഖനം )

അമ്മയെന്നും എനിക്ക് ഒരു കൗതുകമായിരുന്നു... അതിലേറെ അത്ഭുതവുമായിരുന്നു.
കുഞ്ഞുനാളിൽ ജനൽ അഴികൾ പിടിച്ച് പിച്ച വെച്ചിരുന്ന നാളുകളിൽ എനിക്കുള്ള മിട്ടായി പൊതികളുമായി ജോലി കഴിഞ്ഞു വരുന്ന അമ്മയെ ഇമ വെട്ടാതെ ഞാൻ നോക്കി നിൽകുമായിരുന്നു.
എന്നെ വാരിയെടുത്തു കവിളിൽ ഉമ്മ വെക്കുന്നതും അമ്മയെ നോക്കി കുഞ്ഞരി പല്ല് കാട്ടി ചിരിക്കുന്നതും എല്ലാം ഒരു കഥ പോലെ അമ്മ എനിക്ക് പറഞ്ഞു തരും. 'അമ്മ ' എന്ന രണ്ടക്ഷരം മറുവാക്കുകളില്ലാത്ത ഒരു തമസ്യയാണ്. കൈ വളരുന്നോ, കാൽ വളരുന്നോ കണ്ണുകൾ നിറയുന്നോ, വിതുമ്പുന്നുണ്ടോ എന്നെല്ലാം ഇമചിമ്മാതെ നോക്കുന്ന എന്റെ അമ്മയെ ഇന്നും ഞാൻ തൊട്ടറിയുന്നു.
അമ്മയെന്ന സ്നേഹത്തെ സ്നേഹമയിയെ കുഞ്ഞു നാളിലെ ശാസനയും തല്ലലും തലോടലും എന്നെ അമ്മയിലേക്ക് കൂടുതൽ അടുപ്പിക്കുകയായിരുന്നു.
ഇന്ന് എന്റെ അമ്മ എനിക്കൊരു നല്ല സുഹൃത്തും വഴികാട്ടിയുമാണ്.
പഠിക്കുമ്പോഴും, സ്കൂളിൽ പോകുമ്പോഴും അമ്മയുടെ എന്നിലുള്ള കരുതൽ കോഴിക്കുഞ്ഞുങ്ങളെ നോക്കുന്ന തള്ളക്കോഴിയെ പോലെ തോന്നിപോകും.
അമ്മയെന്ന ചിറകിനടിയിൽ ഒതുങ്ങിക്കൂടാൻ ഇപ്പോഴും എനിക്ക് ഇഷ്ടമാണ്. ഇന്ന് ഞാൻ 9ആം ക്ലാസിൽ പഠിക്കുന്നു. അച്ഛനും അമ്മയും ചേച്ചിയും അച്ഛമ്മയും അടങ്ങുന്ന കുടുംബം എനിക്ക് ഒരു സ്വർഗമാണ്. വെക്കേഷന് വീട്ടു ജോലികൾ ചെയ്യാൻ ഞാൻ അമ്മയെ സഹായിക്കാറുണ്ട്. പലതും അമ്മയിൽ നിന്നും പഠിക്കുവാനുണ്ടെന്ന് മനസിലാക്കിയ സമയങ്ങൾ ആയിരുന്നു അത്.
അമ്മയോടൊപ്പമുള്ള നിമിഷങ്ങൾ കണ്ണുതുറന്നാൽ മനസ്സ് ഒന്ന് ഉലഞ്ഞാൽ കണ്മുന്നിൽ എപ്പോഴും അമ്മയെന്ന സത്യം പീലി വിടർത്തി ആടുകയാണ്.
വരരുചിക്ക് സഹധർമ്മിണി യായ സ്ത്രീ,' പന്ത്രണ്ട് മക്കളെ പെറ്റൊരമ്മേ ' എന്ന കവിയുടെ വിളി പോലെ സ്ത്രീ എന്ന സത്യം ഓരോ അമ്മയിലേക്കും മണിനാദം പോലെ നിലക്കാത്ത ചിലങ്ക പോലെ ഈ പ്രപഞ്ചത്തിലെന്നും മുഴങ്ങുകയാണ്.
തന്റെ മക്കളെ മാറോട് അടക്കി പിടിക്കാൻ വെമ്പുന്ന സ്ത്രീത്വം. അമ്മമാരുടെ മഹത്വം ഈ പ്രപഞ്ച സത്യമായി അവശേഷിക്കുന്ന പുതിയ ക്ലാസിലേക്ക് പോവാൻ ഞാൻ തയ്യാറെടുക്കുമ്പോൾ അമ്മയുടെ വേവലാതികൾ വീണ്ടും ഉണരുകയാണ്.. സ്കൂൾ യൂണിഫോം, പുസ്തകങ്ങൾ എല്ലാം എന്നിലേക്ക് എത്തിക്കുവാൻ അമ്മ പരക്കം പായുകയാണ്. അമ്മയുടെ സൂക്ഷ്മതയും ... ഉറുമ്പ് അരി സൂക്ഷിച്ചു വെക്കുന്ന പോലെ ഉള്ള കരുതലും കാണുമ്പോൾ എനിക്ക് തോന്നാറുണ്ട്.. ജീവിക്കേണ്ടത് അമ്മയെ പോലെ ആണെന്ന് . ഇന്ന് എനിക്ക് ആരെപോലെ ആകണമെന്ന് ചോദിച്ചാൽ ഒരു സംശയവും ഇല്ലാതെ ഞാൻ പറയും ' എനിക്ക് അമ്മയെ പോലെ ആകണമെന്ന് '!
മരണത്തിനും ജീവിതത്തിനും ഇടയിലുള്ള ഈ ജീവിത യാത്ര... അത് എന്റെ അമ്മയിൽ നിന്നും അമ്മയിലേക്ക് ഉള്ള ദൂരം തന്നെയാണ്!!!

ലക്ഷ്മി നയന കെ ബി,8F

# Those eyes

Those eyes still remain in my inner eyes

Small blackberries which gazed at me

From the cage, how you hobbled to me

As if from one mother to another mother

Your whimpering at nights which calmed

With my lullabies of fingers, those temper

Tantrums which made me smile all day,

Your soft wags which fanned off loneliness

Those possessive protests that reminded

Me of my motherhood, your insatiable like

For massive bones, those sunny sundays

When we bathed each other, and finally

Those days when you went cold on touch

But still warm beneath my fingers, night

Of stolen sleep when I sat beside you on

Floor, and you gazed me intently with all

Your love, those final hours in morn of

Struggle painful hard to forget, rivers of

Tears which bathed you fresh, still you

Gazed with all your love, that final weak

Wag for the master, and final look for your

Mother, me, whom you slaved with your first glance, those eyes remain in mine.

**Mini Cleetus**
**English teacher**

# Millets

Millets are a sustainable crop that requires less water, pesticides, and fertilizers compared to other major cereals like rice and wheat. They can grow in harsh conditions and are resistant to pests and diseases, making them an ideal crop for small-scale farmers. The cultivation of millets can improve soil health and biodiversity, as they attract beneficial insects and birds

# Economic benefits of millets

Millets can be a profitable crop for small-scale farmers, as they require less investment and can be grown in marginal lands. The production and consumption of millet can also benefit local communities and promote food security. Millets have a long shelf life and can be stored for several months, making them a reliable food source during times of scarcity.

For several years, millets have been cultivated and consumed as a group of small-seeded grasses. These ancient grains were a staple food in many parts of the world, especially in Africa and Asia, and have recently gained popularity due to their high nutritional value and sustainability. Millets have been grown and consumed for over 7,000 years, making them one of the oldest cultivated grains in the world. They were traditionally grown in Africa and Asia, but are now found in many parts of the world, including North and South America.

Millets are ancient grains with significant nutritional, environmental, and economic benefits. They are a sustainable and nutritious alternative to other grains and can play an important role in promoting food security and sustainability. As we move towards a more sustainable future, it is important to understand the potential of millets as a valuable food crop. By promoting the production and consumption of millet, we can create a more resilient and sustainable food system.

**Sara IXD**

# അടുക്കള

പി.വി.കെ പനയാലിന്റെ അടുക്കള എന്ന നോവലിലെ ഒരു പ്രധാന കഥാപാത്രമാണ് രാധമ്മ. പുരുഷന്റെ അടിമയായി പോകാതെ തന്റെ സ്വപ്നങ്ങൾക്ക് വേണ്ടി മുന്നേറുന്ന ഒരു സ്ത്രീ കഥാപാത്രമായി രാധമ്മ ടീച്ചറെ നോവലിൽ ഉടനീളം നമുക്ക് കാണാൻ സാധിക്കും. ആരെയും കൂസാത്ത പ്രകൃതം, അതീവ സുന്ദരിയും ആയിരുന്നു രാധമ്മ. സുകേശനുമായുള്ള വിവാഹത്തിന് രാധമ്മയ്ക്ക് താല്പര്യം ഉണ്ടായിരുന്നില്ല, കല്യാണത്തിന് മുമ്പേ അവർ തമ്മിലുള്ള പ്രശ്നങ്ങൾ തുടങ്ങിയിരുന്നു. പട്ടാളത്തിലെ ക്യാപ്റ്റൻ ആയിരുന്നു സുകേശൻ. വിവാഹത്തിന് ശേഷം ലീവ് തീരാറായപ്പോൾ രാധമ്മയെ സുകേശൻ കുറെ ഉപദ്രവിച്ചു. രാധമ്മ സുകേശനുമായുള്ള ബന്ധം നിയപരമായ ഒഴിഞ്ഞതിന് ശേഷമാണ് അനന്തൻ മാഷിനെ വിവാഹം ചെയ്യുന്നത്. തന്റെ മക്കൾക്ക് വേണ്ടി ജീവിതം മാറ്റിവെച്ച് അവർക്ക് വേണ്ടി ജീവിച്ച രാധമ്മ ടീച്ചർ അവസാനം തനിച്ചായി പോകുന്ന അവസ്ഥയും ഉണ്ടാകുന്നു. ടീച്ചറുടെ സ്വത്തും പൈസയും മാത്രം ആഗ്രഹിച്ച് ആയിരുന്നു മക്കൾക്ക് ടീച്ചറോടുള്ള സ്നേഹം. ആണിന് തോന്നുന്ന പോലെ കരയിപ്പിക്കാനും ചിരിപ്പിക്കാനും നൃത്തം ചെയ്യിപ്പിക്കാനുമുള്ള പാവയല്ല പെണ്ണ് എന്ന മനോഭാവം ആണ് രാധമ്മയുടേത്.സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നം എടുത്ത് പറയുന്ന ഒരു നോവലാണ് പി.വി.കെ പനയാലിന്റെ അടുക്കള.ഈ നോവൽ എനിക്ക് നല്ലൊരു വായന അനുഭവം ആയിരുന്നു.

**Sansanna T S**
**IX A**

# ലഹരി

ലഹരിക്കടിമയാം മാനുഷരേ..
ജീവിതമാകണം ലഹരി
ജീവിക്ക നൽതലമുറയ്ക്കായ്
ജീവിക്ക നല്ലൊരു തലമുറയായ്

കോവിഡിന്നെങ്ങിനെ പടർന്നിടുന്നു.....
ആ വിധം ലഹരിയും പടർന്നിടുന്നു
യുവത്വം തുളുമ്പുന്ന കുട്ടികളോ
ലഹരിക്കടിമയായ് മാറിടുന്നു

വിഷമാണെന്നോർക്കണം നമ്മൾ അതിനാലെ
വിഷമിക്കുമെന്നതുമോർത്തീടണം
പാടില്ല എന്നു പറയുന്നിതു ചിലർ
പാടെ മറന്നിതു നല്കുന്നതും ചിലർ

കാക്കത്തോളയിരം പ്രശനങ്ങളുമായൊരു
കാക്കച്ചി നാട്ടിൽ പറന്നിടുമ്പോൾ
ഇത്തിരിപ്പോന്ന ചെറുപ്രശ്നങ്ങൾക്കയി
വിഢ്ഢി നീ ലഹരി തേടുന്നെന്തേ..

വേണ്ടെന്ന് ചൊല്ലുവാൻ കഴിയണം
നമുക്കിന്ന് ആര് നീട്ടുകിലും ആ വിപത്തിനെ
വേണ്ടാ നമുക്കീ മരുന്നിൻ ലഹരികൾ
നൽജീവിതമാകണം നിൻ ലഹരി..
നൽജീവിതമാകണം നിൻ ലഹരി..

**By,**
**Abhinav U. Laiju**
**X D**

# ത്യാഗം

ഒരിടത്ത് രണ്ടു മനുഷ്യർ ഉണ്ടായിരുന്നു.

ഇരുവരും വ്യത്യസ്ത ചിന്താഗതികൾ ഉള്ളവർ.

ഒരുവന് മറ്റുള്ളവനുമായി യോജിപ്പില്ല.

ഒരു ദിവസം ഒരു തർക്കം പൊട്ടിപ്പുറപ്പെട്ടു,

ഇരുവരും അവരുടെ വിശ്വാസത്തിന്റെ കാവലാൾ ആയി.

വാക്കാൽ തീർക്കാവുന്ന പ്രശ്നം വാളാൽ തീർക്കപ്പെട്ടു,

അങ്ങനെ അവർ അറിഞ്ഞു ഇരുവരുടെയും രക്തം ചുവപ്പ് തന്നെ

ആണെന്ന്.

നേതാക്കൾ ഘോഷയാത്ര ആയി വന്നു,

ഇരുവരുടെയും ത്യാഗത്തെ വാഴ്ത്തി. ജനങ്ങൾ തിരമാല കണക്കെ

വന്നു. അലയൊലികൾ ഒടുങ്ങിയപ്പോൾ ആകെ ബാക്കിവന്നത്

തകർന്ന സ്വപ്നങ്ങളും അനാഥമായ ജീവിതങ്ങളും മാത്രം

# അവസാനത്തെ വൃക്ഷം

"ഇന്ന് എനിക്ക് പത്ത് വയസ്സ്. പതിനൊന്ന് , പന്ത്രണ്ട് , പതിമൂന്ന് ......... പതിനെട്ട്. ഹൊ എട്ട് വർഷം കൂടി കാക്കണം"

ലക്ഷ്മി-ദേവൻ ദമ്പതിമാരുടെ അവസാന പ്രതീക്ഷയായ അവരുടെ നാലാമത്തെ മകൻ കൈലാസിൻ്റെ ചിന്തകളാനിവ. മുതിർന്ന മൂവരും അങ്ങ് വിദേശത്ത് സ്ഥിര താമസമാക്കി. അവസാന കണ്ണിയായ കൈലസിൽ കുടുംബത്തിലെ ഒരോർത്തരുമായി പ്രതീക്ഷയുടെ വിത്തുകൾ നട്ടു. അവ മുളച്ചുപൊന്തുനതും നോക്കി കാത്തിരിപ്പാണ് വടയ്ക്കൽ കുടുംബം .

പ്രകൃതി വിവിധ വേഷങ്ങൾ അണിഞ്ഞു,വർണങ്ങൾ സ്വീകരിച്ചു. സൂര്യൻ വന്നും പോയികൊണ്ടിരുന്നു . ചന്ദ്രൻ ജനിച്ചും മരിച്ചുമിരിന്നു.ചെടികൾ പൂത്തും കായ്ച്ചുമിരുന്നു. നക്ഷത്രക്കൂട്ടങ്ങൾ മാറ്റങ്ങളെ നിരിക്ഷിച്ചുകൊണ്ടിരുന്നു.

"ഈ സൂര്യന് ഒന്ന് വേഗം ഉദിച്ചുകൂടെ. കാത്തിരിക്കാൻ വയ്യാ...18 വയസ്സായാൽ പിന്നെ, സ്വന്തമായി ഒരു കമ്പനി. എന്നേലും മുതിർന്നവരാണെന്ന് പറഞ്ഞിട്ട് എന്ത് കാര്യം.... ഈ കേരളത്തില് സ്ഥലമൊന്നും ഇല്ലാനിട്ടാണോ അവർ മൂന്നും വിദേശത്തേക്ക് പോയത്. നോക്കിക്കോ അമേരിക്കയേക്കാളും വലിയ ഒരു വികസിത പ്രദേശമായി ഞാൻ ഈ കേരളത്തെ മാറ്റും... എല്ലാവരും ഇവിടെ എൻ്റെ കമ്പനിയിൽ വന്ന് പണിയെടുക്കും. അങ്ങനെ ലോകമറിയുന്ന ഒരു വല്ല്യ
ബിസ്സിനസ് മ്യയാൻ...."

പതിനെട്ടാം വയസ്സിൽ പ്രായപൂർത്തിയാകുന്ന ബോധത്തേക്കാൾ അവനെ പിടിച്ചുമുറിക്കിയത് ബിസിനെസ്സ് ചിന്തകളാണ്. വികസനം വേണം സ്വന്തം നാട്ടിൽ എന്ന ചിന്ത എവിടെയൊക്കെയോ അവനൊരു വില്ലൻ്റെ വേഷം നൽകുന്നു.

പെട്ടന്ന് സൂര്യൻ ഉയർന്നു.മിഴികൾ രണ്ടും തുറന്ന അവനു മുൻപിൽ പൊടിയും അലർച്ചകളും. ആ സ്ഥലം അവനിൽ ആനന്ദം ഉയർത്തി . അതെ തൻ്റെ സ്വപ്നങ്ങളിൽ താൻ കാണാറുള്ളാ താൻ ഏറേ ആഗ്രഹിച്ചിരുന്നയൊന്ന് ; ഒരു വികസിതരാജ്യമായിരുന്നു അത്.

അസ്തമവേഗതിൽ,കൗതുകത്തിൻ്റെയും ജിജ്ഞായുടെയും ചൂട് ഒട്ടും ആറാത്ത മനസ്സോടെ അവൻ ആ വിസ്മയലോകത്തിൻ്റെ കാഴ്ചകൾക്ക് അവൻ സാക്ഷി ആകുന്നു.


" എന്ത്, ഇതെന്തൊരു മായ" അവൻ ആവർത്തിച്ചു .


അവിടെ പക്ഷികളെ പോലെ വിമാനങ്ങൾ പറകുന്നു. നിലം കാണാൻ പറ്റാത്തപൊലെ വാഹനങ്ങൾ നിറഞ്ഞിരിക്കുന്നു. മുമ്പിൽ കണ്ട ഒരു ചെറിയ പാതയില്ലൂടെ അവൻ തൻ്റെ യാത്ര തുടർന്നു.

# കുട്ടികളുടെ ചിത്രരചന ശേഖരങ്ങൾ






GO
CORONA!





# അവസാനത്തെ വൃക്ഷം

"ഇന്ന് എനിക്ക് പത്ത് വയസ്സ്. പതിനൊന്ന് , പന്ത്രണ്ട് , പതിമൂന്ന് ......... പതിനെട്ട്. ഹൊ എട്ട് വർഷം കൂടി കാക്കണം"

ലക്ഷ്മി-ദേവൻ ദമ്പതിമാരുടെ അവസാന പ്രതീക്ഷയായ അവരുടെ നാലാമത്തെ മകൻ കൈലാസിൻ്റെ ചിന്തകളാനിവ. മുതിർന്ന മൂവരും അങ്ങ് വിദേശത്ത് സ്ഥിര താമസമാക്കി. അവസാന കണ്ണിയായ കൈലാസിൽ കുടുംബത്തിലെ ഒരോരുത്തരുമായി പ്രതീക്ഷയുടെ വിത്തുകൾ നട്ടു. അവ മുളച്ചുപൊന്തുന്നതും നോക്കി കാത്തിരിപ്പാണ് വടയ്ക്കൽ കുടുംബം .

പ്രകൃതി വിവിധ വേഷങ്ങൾ അണിഞ്ഞു,വർണങ്ങൾ സ്വീകരിച്ചു. സൂര്യൻ വന്നും പോയികൊണ്ടിരുന്നു . ചന്ദ്രൻ ജനിച്ചും മരിച്ചുമിരിന്നു.ചെടികൾ പൂത്തും കായ്ച്ചുമിരുന്നു. നക്ഷത്രക്കൂട്ടങ്ങൾ മാറ്റങ്ങളെ നിരിക്ഷിച്ചുകൊണ്ടിരുന്നു.

"ഈ സൂര്യന് ഒന്ന് വേഗം ഉദിച്ചുകൂടെ. കാത്തിരിക്കാൻ വയ്യാ...18 വയസ്സായാൽ പിന്നെ, സ്വന്തമായി ഒരു കമ്പനി. എന്നേലും മുതിർന്നവരാണെന്ന് പറഞ്ഞിട്ട് എന്ത് കാര്യം.... ഈ കേരളത്തില് സ്ഥലമൊന്നും ഇല്ലാഞ്ഞിട്ടാണോ അവർ മൂന്നും വിദേശത്തേക്ക് പോയത്. നോക്കിക്കോ അമേരിക്കയേക്കാളും വലിയ ഒരു വികസിത പ്രദേശമായി ഞാൻ ഈ കേരളത്തെ മാറ്റും... എല്ലാവരും ഇവിടെ എൻ്റെ കമ്പനിയിൽ വന്ന് പണിയെടുക്കും. അങ്ങനെ ലോകമറിയുന്ന ഒരു വല്ല്യ ബിസ്സിനസ് മാൻ...."

പതിനെട്ടാം വയസ്സിൽ പ്രായപൂർത്തിയാകുന്ന ബോധത്തേക്കാൾ അവനെ പിടിച്ചുമുറിക്കിയത് ബിസിനസ്സ് ചിന്തകളാണ്. വികസനം വേണം സ്വന്തം നാട്ടിൽ എന്ന ചിന്ത എവിടെയൊക്കെയോ അവനൊരു വില്ലൻ്റെ വേഷം നൽകുന്നു.

പെട്ടന്ന് സൂര്യൻ ഉയർന്നു.മിഴികൾ രണ്ടും തുറന്ന അവനു മുൻപിൽ പൊടിയും അലർച്ചകളും. ആ സ്ഥലം അവനിൽ ആനന്ദം ഉയർത്തി . അതെ തൻ്റെ സ്വപ്നങ്ങളിൽ താൻ കാണാറുള്ളാ താൻ ഏറേ ആഗ്രഹിച്ചിരുന്നയൊന്ന് ; ഒരു വികസിതരാജ്യമായിരുന്നു അത്.

അസ്ത്രവേഗത്തിൽ,കൗതുകത്തിൻ്റെയും ജിജ്ഞാസയുടെയും ചൂട് ഒട്ടും ആറാത്ത മനസ്സോടെ അവൻ ആ വിസ്മയലോകത്തിൻ്റെ കാഴ്ചകൾക്ക് അവൻ സാക്ഷി ആകുന്നു.

" എന്ത്, ഇതെന്തൊരു മായ" അവൻ ആവർത്തിച്ചു .

അവിടെ പക്ഷികളെ പോലെ വിമാനങ്ങൾ പറക്കുന്നു. നിലം കാണാൻ പറ്റാത്തതുപോലെ വാഹനങ്ങൾ നിറഞ്ഞിരിക്കുന്നു. മുമ്പിൽ കണ്ട ഒരു ചെറിയ പാതയിലൂടെ അവൻ തൻ്റെ യാത്ര തുടർന്നു.

**JIYA M J**
**IX E**

# കേരളവികസന സ്വപ്നങ്ങൾ

ഐതിഹ്യങ്ങളും പുരാവൃത്തങ്ങളും ചരിത്രങ്ങളും അരികുകൾ അലങ്കരിക്കുന്ന കേരള ചരിത്രത്തിന്റെ രാജവീഥികളിൽ മഹത്ജന്മങ്ങളുടെ ബ്രിഹത്തായ കർമങ്ങൾ വിളക്ക് കൊളുത്തി നിൽക്കുന്നുണ്ട്. സാക്ഷരതയുടെയും മതേതരത്വത്തിന്റെയും തനതുകലകളുടെയും കുലീനമായ സാംസ്കാരിക ആധിപത്യത്തിന്റെയും പ്രകൃതിസ്നേഹത്തിന്റെയും പേരുകേട്ട നാടാണ് കേരളം. കേരളമെന്ന കേരവൃക്ഷത്തിൽ മതവും രാഷ്ട്രീയവും സംസ്കാരവും കലയുമെല്ലാം കതിർക്കുലകളായി. പ്രകൃതി സൗന്ദര്യം വഴിഞ്ഞൊഴുകുന്ന ഈ മണ്ണിന്റെ ആകൃതി തന്നെയായിരുന്നു ഓരോ മലയാളിയുടെ വ്യക്തിത്വത്തിനും. ഏറെ മഹാത്മാക്കളെ സൃഷ്ടിച്ച നാടാണ് കേരളം എന്ന് അഭിമാനത്തോടെ പറയുമ്പോഴും മത - സാംസ്കാരിക - രാഷ്ട്രീയ പൈതൃകത്തിന്റെ മഹത്വം നഷ്ടമാകാതെ ഏറ്റുവാങ്ങാനും കൈമാറാനുമുള്ള പക്വത വർത്തമാനകേരളത്തിന് കൈമോശം വന്നിരിക്കുന്നു. ജയിച്ചു കയറുന്ന രാഷ്ട്രീയ നേതൃത്വവും തോറ്റുകൊണ്ടിരിക്കുന്ന ജനതയും ഇന്നും മാറ്റമില്ലാതെ തുടരുകയാണ്. ഇനിയും കേരളത്തിലെ ജനങ്ങൾ ഉണർന്നിട്ടില്ല. ആർക്കെല്ലാമോ വിധേയരായി യാഥാർഥ്യബോധമില്ലാതെ ജീവിച്ചുകൊണ്ടിരിക്കുകയാണ്. പ്രതികരണശേഷി നഷ്ടപ്പെട്ട ജനതയെ കബളിപ്പിക്കാനായി രാഷ്ട്രീയനേതൃത്വം കച്ചകെട്ടിയിറങ്ങുമ്പോൾ എവിടെയാണ് സാധാരണ ജനങ്ങളുടെ രക്ഷ? വൈദഗ്ദ്യമില്ലാത്തവർ ഭരണാധികാരികളാകുന്നതാണ് കേരളത്തിന്റെ ശാപം. അഴിമതിയും സ്വജന പക്ഷപാതവും അവസാനിപ്പിച്ചു കൊണ്ട് വികസനപ്രവർത്തനങ്ങൾ ദീർഘവീക്ഷണത്തോടെ നടപ്പാക്കാൻ കഴിയുന്ന വിദഗ്ധരായ ഭരണനേതൃത്വത്തെയാണ് ഭാവികേരളം ആവശ്യപ്പെടുന്നത്. ജാതി - മത - വർഗ്ഗ വിവേചനമില്ലാതെ പരിസ്ഥിതി സംതുലിതമായ ഒരു നല്ല മലയാളനാടാണ് നാളെയെക്കുറിച്ചുള്ള സ്വപ്നം. ശുദ്ധവായുവും വെള്ളവും പണം കൊടുത്ത് വാങ്ങേണ്ട ഗതികേട് ഭാവിയിൽ ഇല്ലാതിരിക്കണം. സമ്പൂർണ സാക്ഷരത നേടിയ കേരളത്തിൽ പകൽപോലും സ്ത്രീകൾക്ക് പുറത്തിറങ്ങി നടക്കാൻ പറ്റാത്ത വേദനജനകമായ ഇന്നത്തെ അവസ്ഥ മാറണം. പൗരബോധവും സാമൂഹ്യപ്രതിബദ്ധതയുമുള്ള ഒരു യുവസമൂഹത്തെ നാളത്തേക്കായി വാർത്തെടുക്കണം. അന്യന്റെ വേദന സ്വന്തം വേദനയായി കൊണ്ടുനടന്നൊരു കേരളസമൂഹം നമുക്കുണ്ടായിരുന്നു. ആ വഴി പിന്തുടരേണ്ട നമ്മൾ കൊന്നും കൊലവിളിച്ചും സ്നേഹത്തെ നിഷ്ക്കസനം ചെയ്യുന്നു. കീടനാശിനി അടിക്കാത്ത പച്ചക്കറികളും ടോൾ കൊടുക്കേണ്ടിവരാത്ത നാലുവരിപ്പാതകളും ഹരിതാഭമായ പ്രകൃതി സൗന്ദര്യവും ഒത്തിണങ്ങിയ ഒരു കേരളമാണ് ഭാവിയിൽ ആവശ്യം. എഴുത്തച്ഛന്റെ പൈതൃകവും കുഞ്ചന്റെ പുഞ്ചിരിയുമെല്ലാം നാം മറന്നു. ഇനിയെങ്കിലും മനുഷ്യ മനസാക്ഷിയെ ഞെട്ടിക്കുന്ന കൊടും ക്രൂരതയുടെ വാർത്തകൾ കേട്ട് ഉണരരുതേ എന്ന് നമുക്ക് പ്രാർത്ഥിക്കാം. നാടോടിത്തനിമകളും നാട്ടുവഴക്കങ്ങളും കടങ്കഥകളുമായി അഴകൊഴുകുന്ന കേരളത്തെ വാർത്തെടുക്കാൻ നമുക്ക് ശ്രമിക്കാം.

**Kevin Boss**
**IX A**

# *Thanks...*

